Draft #4 of File 104968/AD A1-4/2021/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 29-Oct-2021 10:34 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

<u>സംഗ്രഹം</u>

ഭരണകാര്യം: കോവിഡ് 19 - 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി ഇളവ് അനുവദിക്കുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 5727/AD A1/2021/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 29.10.2021

---

*പരാമർശം:*-1. 04.08.2021 തിയതിയിലെ 17152/AD A1/SO/2020/എ ഡി എ 1 നമ്പർ പരിപത്രം.
2. 15.09.2021 തിയതിയിലെ 17152/AD A1/SO/2020/എ ഡി എ 1 നമ്പർ പരിപത്രം.
3. 13.10.2021 തീയതിയിലെ 683/2021/DMD നമ്പർ സർക്കാർ ഉത്തരവ്.

<u>ഉത്തരവ്</u>

കോവിഡ് - 19 നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി, സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സർവ്വകലാശാലയിലെ ചില വിഭാഗം ജീവനക്കാർക്ക് ഓഫീസിൽ ഹാജരാകുന്നതിൽ നിന്ന് ഇളവുകൾ അനുവദിക്കുകയും, ടി ജീവനക്കാർക്ക് 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി ചെയ്യുവാൻ അനുമതി നൽകുകയുമുണ്ടായി.

എന്നാൽ, കോവിഡ് നിയന്ത്രണങ്ങൾക്ക് ശേഷം, സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, 2021 ഓഗസ്റ്റ് 5 മുതൽ സർവകലാശാല പൂർണ്ണതോതിൽ പ്രവർത്തിക്കുവാനും, 2021 സെപ്റ്റംബർ 15 മുതൽ എല്ലാ ജീവനക്കാരും ശനിയാഴ്ച അടക്കം ജോലിക്ക് ഹാജരാകുവാനും നിർദ്ദേശിച്ചുകൊണ്ട് പരാമർശം (1), (2) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു. 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ഭാഗത്തു നിന്നും നിരവധി അന്വേഷണങ്ങൾ വന്നിരുന്ന സാഹചര്യത്തിൽ, 2021 ഓഗസ്റ്റ് 5 മുതൽ സർവകലാശാലയിൽ 'വർക്ക് ഫ്രം ഹോം' നിലവിലില്ലായെന്നും ആയത് അനുവദിക്കേണ്ടതില്ലായെന്നും വൈസ് ചാൻസലർ ഉത്തരവായിരുന്നു. ഇപ്രകാരം ഉത്തരവായത് കുറിപ്പ് മുഖേന അതാത് ബ്രാഞ്ച് ഓഫീസർമാരെ അറിയിക്കുകയുമുണ്ടായി.

എന്നാൽ, പരാമർശം (3) പ്രകാരം, സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന പുതിയ ഉത്തരവിൽ ചില വിഭാഗം ജീവനക്കാർക്ക് 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി ചെയ്യുവാൻ നൽകിയിരുന്ന ഇളവുകൾക്ക് 04.08.2021 വരെ മാത്രമേ പ്രാബല്യമുള്ളൂ എന്ന് സ്പഷ്ടീകരണം വരുത്തിയിരിക്കുന്നു. അതിൻ പ്രകാരം, പ്രസ്തുത ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിൽ വരുത്തിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

മേൽ ഉത്തരവ് പ്രകാരം, 04.08.2021 -ന് ശേഷം സർവ്വകലാശാലയിൽ ഏതെങ്കിലും ജീവനക്കാർക്ക് 'വർക്ക് ഫ്രം ഹോം' വ്യവസ്ഥ അനുവദിക്കുകയോ/ആരെങ്കിലും പ്രയോജനപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ആയത് ഇതിനാൽ റദ്ദ് ചെയ്യുന്നു. പ്രസ്തുത കാലയളവ് ടി ജീവനക്കാരുടെ അർഹതപ്പെട്ട മറ്റ് അവധിയായി ക്രമീകരിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ / ഡിപ്പാർട്ട്മെൻറുകൾ
2. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
6. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടൻറ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യൂ.എ.സി.
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ